ഉത്തരം

(എ) 2160.

(ബി) കൊല്ലം — 1991 മുതൽ

എറണാകുളം — 1995 മുതൽ

കണ്ണൂർ — 1989 മുതൽ

കോഴിക്കോട് — 1988 മുതൽ

(സി) സംസ്ഥാനത്ത് 5 വ്യവസായ ട്രൈബ്യൂണലുകളും 4 ലേബർ കോടതികളുമാണ് ഇപ്പോഴുള്ളത്. അവയുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. ട്രൈബ്യൂണലിന്റെ വിധി വന്നാൽ അത് ഗസറ്റിൽ വരുന്നതിന് കാലതാമസം നേരിട്ടതുമൂലം തൊഴിലാളികൾക്ക് വൈഷമ്യം ഉണ്ടാകാതിരിക്കുവാൻ ഗസറ്റിൽ വരുന്നതു വരെ കാത്തിരിക്കാതെ വിധി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം

68 [2105] ശ്രീ. പി. കെ. അബ്ദുറബ്ബ് :

,, സി. മമ്മൂട്ടി :

,, കളത്തിൽ അബ്ദുള്ള :

,, ടി. പി. എം. സാഹിർ :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മുൻ ഗവൺമെന്റിന്റെ കാലത്തേക്കാൾ മെച്ചപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കളക്ഷൻ ഇനത്തിൽ ഒരു ദിവസം എന്ത് വ്യത്യാസം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം ലാഭകരമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശരാശരി 21.5 ലക്ഷം രൂപ.

(സി) ലാഭകരമാക്കാനുള്ള പ്രയത്നത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly